ഇടയ്ക്ക് സാമ്പിൾസ് എടുത്ത് പരിശോധിക്കുന്നുമുണ്ട്. കോഴി, താറാവ് എന്നിവയിൽ മരണനിരക്ക് കണ്ടാലുടൻ സംസ്ഥാനത്തെ മേഖലാ ലാബോറട്ടറിയിലേയ്ക്ക് വിവരം എത്തിക്കാനായി പത്രത്തിൽ ഫോൺ നമ്പർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾ സ്വീകരിക്കേണ്ട ശുചിത്വവും കാര്യങ്ങളും ആഹാര സുരക്ഷാനടപടികളും പത്രവാർത്തയിൽ കൊടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽപ്പെടുത്തി 20-2-2006-ന് വൈകിട്ട് 4 മണിക്ക് വിപുലമായ പ്രസ് മീറ്റിംഗ് വിളിച്ചുകൂട്ടിയതിന്റെ വിവരങ്ങൾ കൃഷി വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രോഗം ഉണ്ടാവുകയാണെങ്കിൽ അവലംബിക്കേണ്ട മാർഗ്ഗങ്ങൾക്ക് രൂപംനൽകി ജില്ലാ തലത്തിൽ rapid response scheme രൂപപ്പെടുത്താനായി നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൽ ഉൾപ്പടുത്തിവരുന്ന ടീം അംഗങ്ങൾക്ക് ആവശ്യമായ സുരക്ഷാ വസ്ത്രങ്ങൾ, മാസ്കുകൾ എന്നിവ ലഭ്യമാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഘട്ടത്തിൽ രോഗം ബാധിച്ച കോഴികളെ നശിപ്പിക്കാനായി നശീകരണയന്ത്രം ഉണ്ടാക്കാൻ തീരുമാനിച്ചു. രോഗബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കിക്കൊണ്ട് അണുനാശിനി, ഫോഗിംഗ് മെഷീൻ എന്നിവ ജില്ലാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സുസജ്ജമാക്കിയിട്ടുണ്ട്. കോഴി ഫാക്ടറികളിലും ഇറച്ചി വിൽപ്പനശാലകളിലും പ്രവർത്തിക്കുന്നവർക്ക് കർശനമായ നിർദ്ദേശമുണ്ട്. അതിന് ആവശ്യമായ മരുന്നുകൾ നാട്ടിൽ കിട്ടാനില്ലാതെ വന്നതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് ആവശ്യമായി ട്ടുള്ള മരുന്നുകൾ തരാമെന്ന് ഏറ്റിട്ടുണ്ട്. അതിനുവേണ്ട നടപടിയെടുത്തിട്ടുണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആനിമൽ ഹസ്ബൻഡറിയെ സംബന്ധിച്ച് വിശദമായി സംസാരിച്ചു. ആരോഗ്യത്തെ സംബന്ധിച്ച് ഞങ്ങൾ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ജില്ലകളിൽ കൺട്രോൾ റൂം തുറന്നിട്ടുണ്ട്. ജില്ലകളിലൂടെ പ്രവർത്തനങ്ങൾ പ്രോത്സാഹി പ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. ആവശ്യമില്ലാത്ത ഒരു അഭ്യൂഹം ഉണ്ടാക്കരുത്. അതേസമയം ഒരു സന്നദ്ധഘട്ടം വന്നാൽ ആ ഘട്ടത്തിൽ ആക്ട് ചെയ്യത്തക്കവിധത്തിൽ ഗവൺമെന്റ് മെഷിനറി എല്ലാ വിധത്തിലും രൂപപ്പെടുത്തിയിട്ടുണ്ട്.

(38) താറാവു കർഷകർക്ക് ഇൻഷ്വറൻസ്, ക്ഷേമനിധി എന്നിവ ഏർപ്പെടുത്തണമെന്നും വസന്തരോഗ നിവാരണ വാക്സിൻ ലഭ്യമാക്കണമെന്നുമുള്ള ആവശ്യം

ശ്രീ. എം. മുരളി: സർ, പക്ഷിപ്പനിയുടെ ഭാഗമായിട്ടല്ലെങ്കിലും നമ്മുടെ സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ അജ്ഞാതരോഗം കാരണം അല്ലെങ്കിൽ വസന്തരോഗം കാരണം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിക്കൊണ്ടിരിക്കു കയാണ്. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ഈ രോഗം കാരണം ലക്ഷക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താറാവുകൾ മരിച്ചുവീണുകൊണ്ടിരിക്കുന്നതുകൊണ്ട് താറാവു കർഷകർ പ്രതിസന്ധിയിലായിരിക്കുക യാണ്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് പ്രതിരോധ വാക്സിൻ കുത്തിവയ്പ് നടത്താനും കൂട്ടത്തോടെ താറാവുകൾ നഷ്ടപ്പെട്ടുപോയ കർഷകർക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം. ഇടക്കാലത്ത് താറാവുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരുന്നു. പക്ഷേ ആ പരിപാടി നിലച്ചുപോയി. അതുകൊണ്ട് ഇൻഷ്വറൻസ് പുനരാരംഭിക്കാനും താറാവു കർഷകർക്ക് ക്ഷേമനിധി പെൻഷൻ പദ്ധതികൂടി ഏർപ്പെടുത്തിക്കൊണ്ട് സംരക്ഷണം കൊടുക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം. നിരാലംബരായ കർഷകർക്ക് നഷ്ടപരിഹാരം കൊടുത്ത് സഹായിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ ആകെ 6,60,609 താറാവുകൾ ഉണ്ടെന്നാണ് കണക്ക്. ഈ താറാവുകളെ കുത്തിവച്ചിട്ടുണ്ട്. താറാവുകളുടെ കൂട്ടമരണത്തിന് ഉത്തരവാദി താറാവുവസന്ത എന്ന വൈറസ് രോഗവും പാസ്ച്ചറൈസേഴ്സ് എന്ന ബാക്ടീരിയ രോഗവുമാണ്. യഥാസമയം പ്രതിരോധ കുത്തിവയ്പുവഴി രോഗനിയന്ത്രണം തടയാൻ കഴിയും. ഇതിനായി കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ എല്ലാ താറാവുകൾക്കും പ്രതിരോഗ കുത്തിവയ്പ് നൽകാൻ സാധിച്ചിട്ടുണ്ട്. അതിനുശേഷം താറാവുകളുടെ കൂട്ടമരണം സംഭവിച്ചതായി പുതിയതായി വിവരം കിട്ടിയിട്ടില്ല. താറാവുകളെ കുത്തിവയ്ക്കാൻ ആവശ്യമുള്ള വാക്സിൻ പാലോടുള്ള ഞങ്ങളുടെ തന്നെ ഹോസ്പിറ്റലിൽ ഉണ്ടാക്കുന്നുണ്ട്. താറാവ് കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നു. അത് ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതായതുകൊണ്ട് ഇൻഷ്വറൻസ് കമ്പനികൾ ഇൻഷ്വറൻസ് കൊടുക്കാൻ വൈമുഖ്യം കാണിക്കുന്നു. കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. രോഗം വന്നതുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് പ്രകൃതി ദുരന്തമായി കണക്കാക്കി ആശ്വാസ നടപടികളും സഹായങ്ങളും ചെയ്യുന്നുണ്ട്.

(39) മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു വിഭാഗമാണ് മുവാരി-മുഖാരി സമുദായം. ഈ വിഭാഗത്തെ കേന്ദ്ര സർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഈ വിഭാഗത്തെ കേരളത്തിലെ സർക്കാർ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കേരളത്തിലെ ഒ.ബി.സി. പട്ടികയിൽ അവരെ ഉൾപ്പെടുത്തണമെന്ന